വകുപ്പിനെ അറിയിക്കുന്ന റവന്യൂ രേഖകൾ ലഭ്യമായി കാണുന്നില്ല. മേഴ്സി കോളേജ് അധികൃതർ പാട്ടത്തിന് ആവശ്യപ്പെട്ട സ്ഥലത്ത് കാലാകാലങ്ങളായി നിരവധി കയ്യേറ്റങ്ങളും കുടിയിരുപ്പുകളുമുണ്ട്. പരിസരവാസികളും കയ്യേറ്റക്കാരും രാഷ്ട്രീയ പാർട്ടികളും ടി സ്ഥലം പാട്ടത്തിന് നൽകരുതെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ക്രമസമാധാന പ്രശ്നങ്ങൾക്ക് സാധ്യതയുണ്ട്. റൗണ് സർവേയറും ജലസേചന വകുപ്പ് അധികൃതരും സംയുക്തമായി ടി സ്ഥലം കേരള ഭൂസംരക്ഷണ നിയമപ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൈപ്പ് പോളിസി

120 (4923) ശ്രീ. ഹൈബി ഈഡൻ.:
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൈപ്പ് പോളിസിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൈപ്പ് പോളിസി 5-11-2013-ൽ നിലവിൽവന്നു.

(ബി) മുൻകാലങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികളിൽ സംഭവിച്ച പൈപ്പുപൊട്ടലുകൾ വിശകലനം ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പൈപ്പുകളുടെ മെറ്റീരിയൽ തെരഞ്ഞെടുക്കുന്നതിന് ഏകീകരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പൈപ്പ് പോളിസി രൂപീകരിച്ചത്. ശുദ്ധജല/സ്വീവറേജ് പദ്ധതികൾക്കായി ഉപയോഗിക്കുന്ന വിവിധതരം പൈപ്പുകളുടെ ഗുണങ്ങളെയും ദോഷങ്ങളെയും പറ്റിയുള്ള വിവരങ്ങളാണ് പൈപ്പ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓരോ സാഹചര്യത്തിനനുസരിച്ചുള്ള ഏറ്റവും യുക്തമായ പൈപ്പ് തെരഞ്ഞെടുക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി) പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്ക് പൈപ്പ് പോളിസിയുടെ നിബന്ധന അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് പ്രകാരമാണ് ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയിൽ പദ്ധതി തയ്യാറാക്കുന്നത്.

നദികളുടെ ഭൗതിക സ്വഭാവങ്ങളിലെ മാറ്റങ്ങളെക്കുറിച്ചുള്ള പഠനം

121 (4924) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നദികളുടെ ഭൗതിക സ്വഭാവങ്ങളിൽ മാറ്റം വരുന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) നദികളിലെ ഭൂജല നിരപ്പ് താഴുന്നതിനെക്കുറിച്ചും മലിനജലം കലരുന്നതിനെക്കുറിച്ചും പഠിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കട്ടനാട് വികസന പാക്കേജ്

122 (4925) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട് വികസന പാക്കേജിൽപ്പെടുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ സാമ്പത്തിക ചെലവിലും പദ്ധതി നടത്തിപ്പിലും ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) കാലാവധിയും പ്രവർത്തനാനുമതിയും ദീർഘിപ്പിച്ചു നൽകിയതുമൂലം ഏതൊക്കെ പദ്ധതികൾക്കാണ് പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly